"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2849/2022/LSGD തീയതി,തിരുവനന്തപുരം, 18-11-2022

പരാമർശം:- 1. സ.ഉ.(സാധാ)നം.2578/2022/തസ്വഭവ; തീയതി 22.10.2022

2. സ.ഉ.(സാധാ)നം.2721/2022/തസ്വഭവ; തീയതി 07.11.2022

**ഉത്തരവ്**

ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ ശിപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയ വികസന ഫണ്ടിന് അനുസൃതമായി 2022-23-ലെ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി നവംബർ 15 ആയി പരാമർശം (2) പ്രകാരവും നിശ്ചയിച്ച് നൽകിയിരുന്നു.

2. നവംബർ 15 നകം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വാർഷിക പദ്ധതി പരിഷ്കരിച്ച് സമർപ്പിക്കാൻ സാധ്യമായിട്ടില്ല. ചില തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ആയത് സമർപ്പിക്കാൻ കഴിയാതിരുന്നതാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വികസന ഫണ്ട് വിഹിതത്തിൽ മാറ്റമുണ്ടായത് കാരണം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി പരിഷ്കരിക്കുന്ന പ്രക്രിയ പൂർത്തിയാക്കേണ്ടതുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതായ സമയപരിധി 2022 നവംബർ 25 ആയി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
20. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
21. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
22. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
23. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
24. ഡയറക്ടർ ജനറൽ, കില
25. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
26. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
27. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 18-11-2022 16:24:34

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്